# പ്രവാചക ജന്മദിനാഘോഷത്തിന്റെ സാധുത

﴿حكم الإحتفال بذكرى المولد النبوى﴾

[ Malayalam –മലയാളം –مليالم]


ഡോ: ശൈഖ് സ്വാലിഹ് ബ്നു ഫൗസാൻ അൽ ഫൗസാൻ

الشيخ الدكتور صالح بن فوزان الفوزان

പരിഭാഷ: സയ്യിദ് സഅ്ഫർ സ്വാദിഖ്

ترجمة: سيد سعفر صادق



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة

بمدينة الرياض–المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

الحمد لله رب العالمين الصلاة والسلام على أشرف الأنبياء والمرسلين وعلى آله وصحبه أجمعين- أما بعد

## ആമുഖം

വിശുദ്ധഖുർആനും, തിരുസുന്നത്തും നിയമമാ ക്കിയവ ജീവിതത്തിൽ പകർത്തേണ്ടതാണെന്നും, മതത്തിൽ പുതിയ ആചാരാനുഷ്ഠാനങ്ങൾ (ബിദ്അ ത്തുകൾ) ഉണ്ടാക്കാൻ പാടില്ലാത്തതാണെന്നും ഖുർആനും തിരുസുന്നത്തും പഠിക്കുന്നവർക്ക് കൃത്യ മായി മനസിലാക്കാവുന്ന കാര്യമാണ്. അല്ലാഹു പറയുന്നു:

(قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَحِيمٌ) (آل عمران:٣١)

'(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹി ക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്ന താണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാ നിധിയുമത്രെ' (ആലു ഇംറാൻ:31).

(اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ) (الأعراف:٣)

(നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾ ക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ച് മനസ്സി ലാക്കുന്നുള്ളൂ.)

(وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ذَلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَتَّقُونَ) (الأنعام:١٥٣)

(ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊ ക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലി ക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേ ശമാണത്.)

പ്രവാചകൻ(ﷺ) പറയുന്നു.

(إِنَّ أَصْدَقَ الْحَدِيثِ كِتَابُ اللَّهِ وَأَحْسَنَ الْهَدْيِ هَدْيُ مُحَمَّدٍ وَشَرَّ الْأُمُورِ مُحْدَثَاتُهَا)

(ഏറ്റവും നല്ല വർത്തമാനം അല്ലാഹുവിൻെറ ഗ്രന്ഥ മാകുന്നു, ഏറ്റവും നല്ല മാർഗം മുഹമ്മദിൻെറ മാർഗവുമാണ്, ഏറ്റവും ചീത്തകാര്യം അതിൽ പുതു തായുണ്ടാക്കുന്നതാണ്. )

(مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ) (رواه البخاري، رقم:٢٦٩٧، ومسلم ١٧١٨)

"നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്" (ബുഖാരി).

മുസ്ലിമിൻെറ റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്.

( مَنْ عَمِلَ عَمَلًا لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ)

(നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ആരെ ങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അത് തള്ളപ്പെ ടേണ്ടതാണ്),

പുതുതായുണ്ടാക്കിയ ബിദ്അത്തിൽപെട്ട ഒരു കാര്യമാണ് റബീഉൽ അവ്വൽ മാസത്തിൽ സംഘടിപ്പി ക്കാറുള്ള പ്രവാചക ജൻമദിനാഘോഷം. പ്രവാചക ജൻമദിനം കൊണ്ടാടുന്നവർ വ്യത്യസ്ഥ തരക്കാ രാകുന്നു. ചിലയാളുകൾ ഈ ദിവസങ്ങളിൽ പ്രവാചക ജൻമദിന കഥകൾ വായിക്കുകയോ, അതല്ലെങ്കിൽ അതിനെ സംബന്ധിച്ച് പ്രസംഗിക്കു കയോ, കവിതകൾ പാരായണം ചെയ്യുകയോ ചെയ്യുന്നു. മറ്റു ചിലർ ഈ ദിവസങ്ങളിൽ പ്രത്യേക പലഹാര ങ്ങളും, ഭക്ഷണങ്ങളും ഉണ്ടാക്കി അവിടെ സന്നിഹി തരാകുന്നവർക്ക് വിതരണം ചെയ്യുന്നു. വേറെ ചിലയാളുകൾ പള്ളികളിലോ, വീടുകളിലോ ഇങ്ങ നെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ജൻമദിനാഘോഷ പരിപാടികളിൽ ഇസ്ലാം വിരോധിച്ച സംഗീതം, ഡാൻസ്, അന്യസ്ത്രീ പരുഷ കൂടിക്കലരൽ പോലെയുള്ള ഒരു പാട് അനാചാര ങ്ങളും, നിഷിദ്ധപ്രവർത്തനങ്ങളും നടമാടുന്നു, അതുപോലെ ചിലയവസരങ്ങളിൽ പ്രവാചകനോടു ള്ള പ്രാർത്ഥന, ഇസ്തിഗാഥ, ശത്രുക്കൾക്കെതിരെ യുള്ള സഹായാർത്ഥന തുടങ്ങിയ ശിർക്ക്കലർന്ന പ്രവർത്തനങ്ങൾ പോലും ചെയ്ത് കൊണ്ടിരിക്കുന്ന തായി നമുക്ക് കാണാവുന്നതാണ്. പ്രവാചക ജൻമദിനാഘോഷം ഏത് രൂപത്തിലായിരുന്നാലും ശരി അത് നിഷിദ്ധമായ ബിദ്അത്താണെന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. ശ്രേഷ്ടമായ മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ശിയാക്കളിലെ ഫാത്വിമിയാ ക്കളാണ് മുസ്ലീങ്ങളുടെ മതത്തിൽ കുഴപ്പമു ണ്ടാക്കുവാനായി ആദ്യമായി ഈ ബിദ്അത്തുണ്ടാ ക്കിയത്. അവർക്ക് ശേഷം ഹിജ്റ ആറാം നൂറ്റാ ണ്ടിന്റെ അവസാനത്തിലോ ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ ആയി ഇർബലിലെ രാജാവായ മുളഫ്ഫർ അബൂ സഈദ് കൗകബൂരിയാണ് ഇത് പ്രകടമായി ചെയ്തത് തുടങ്ങിയത്. ഇബ്നു കഥീർ, ഇബ്നു ഖല്ലിക്കാൻ പോലെയുള്ള ചരിത്ര പണ്ഡിതൻമാർ ഇക്കാര്യം വ്യക്തമായി സൂചി പ്പിച്ചിട്ടുണ്ട്.

അബൂശാമ പറയുന്നു: 'മൂസിലി'ൽ ആദ്യമായി ഈ ബിദ്അത്ത് ചെയ്തത് പ്രസിദ്ധനായ 'ശൈഖ് ഉമറുബ്നു മുഹമ്മദ് അൽ മുല്ലാ'യാണ്. ഇദ്ദേഹ ത്തെയാണ് ഇർബലിലെ രാജാവും മറ്റുള്ള വരും പിൻതുടർന്നിരിക്കുന്നത്.

''ഹാഫിള്ബ്നു കഥീർ' തന്റെ 'അൽ ബിദായ'യിൽ 'അബൂ സഈദ് കൗകബൂരി'യെ പരി ചയപ്പെടുത്തിക്കൊണ്ട് പറയുന്നു: 'റബീഉൽ അവ്വൽ മാസത്തിൽ ഇദ്ദേഹം പ്രവാചക ജൻമദിനാഘോഷം സംഘടിപ്പിക്കാറുണ്ട്....... സിബ്ത്വ് പറയുന്നു: മുളഫ്ഫർ രാജാവിന്റെ കീഴിലുള്ള പാവപ്പെ ട്ടയാളുകൾ ഇങ്ങനെയുള്ള ജൻമദിനാഘോഷത്തിൽ പങ്കെടുക്കുകയും, അവർക്ക് വേണ്ടി മുളഫ്ഫർ രാജാവ് അയ്യായിരത്തോളം ആടുകളെയും, പതി നായിരത്തോളം കോഴികളേയും, ഏകദേശം ഒരു ലക്ഷത്തോളം പ്രത്യേക തരം പഴങ്ങളും, മുപ്പതിനാ യിരത്തോളം വരുന്ന പാത്രങ്ങളിൽ മധുര പാലഹാര ങ്ങളും വിതരണം ചെയ്തിരുന്നു....... അതു പോലെ സൂഫിയാക്കൾക്ക്വേണ്ടി ളുഹർ മുതൽ അടുത്ത പ്രഭാതം വരെ സംഗീതപരിപാടികൾ സംഘടിപ്പിക്കു കയും, അവരോടൊപ്പം രാജാവും നൃത്തം വെക്കുകയും ചെയ്തിരുന്നു...' (ബിദായ വന്നിഹാ യ:13/137)

വഫയാത്തുൽ അഹ്യാൻ എന്ന കൃതിയിൽ ഇബ്നുഖല്ലിക്കാൻ പറയുന്നു: സ്വഫർ മാസത്തി ന്റെ തുടക്കത്തിൽ തന്നെ പള്ളികളിലെയും മറ്റും ഖുബ്ബകൾ നല്ല വിലപിടിപ്പുള്ളതും, ഭംഗിയുള്ള തുമായ അലങ്കാരങ്ങൾ കൊണ്ട് മോടിപിടിപ്പിക്കു കയും, ഓരോ ഖുബ്ബയിലും പാട്ടുപാടുവാനായി ആളുകളെ തയ്യാറാക്കുകയും ചെയ്തിരുന്നു. ഖുബ്ബ കളുടെ ഓരോ തട്ടുകളിലും സംഗീതാലാപനം നടത്തുവാനായി ഭാവനാവിലാസരും വിനോദോപാസ കരുമായ നല്ല പാട്ടുകാരെ തന്നെ നിയമിക്കാറുണ്ടാ യിരുന്നു.'' (വഫയാത്തുൽ അഹ്യാൻ:3/274)

ഈ സന്ദർഭങ്ങളിൽ ജോലികൾ പോലും ഒഴിവാ ക്കിയാണ് ആളുകൾ ഇത്തരം പരിപാടികളിൽ പങ്കെടുക്കാറുള്ളത്..... മൗലിദാഘോഷത്തിന്റെ രണ്ടു ദിവസങ്ങൾക്കു മുമ്പ് ഏറ്റവും നല്ല ആടുമാടുകളേയും ഒട്ടകങ്ങളേയും കൊണ്ടുവന്ന് അറുക്കാൻ തുടങ്ങും... ചെണ്ടമേളം, സംഗീതം, വിനോദ പരിപാടികൾ തുടങ്ങിയവയുമായി ആളുകൾ മൈതാനങ്ങളിലേക്ക് വന്നെത്തും... മഗ്‌രിബ് നമസ്കാരാനന്തരം കൊട്ടാര ത്തിൽവെച്ച് സംഗീത, നൃത്ത സദസ്സുകൾ സംഘടിപ്പി ക്കപ്പെടും. ഇങ്ങനെയാണ് മൗലിദാഘോഷമെന്ന ഈ നൂതന ആചാരം ഉടലെടുത്തത്. പിന്നീട് അല്ലാഹു വിൽ നിന്ന് യാതൊരു പ്രമാണവുമില്ലാത്ത, വിനോദ വും, ആർഭാടവും, ദുർവ്യയവും, സമയം നഷ്ടവുമൊ ക്കെ ഉൾച്ചേർന്ന ഈ ബിദ്അത്ത് സാർവ്വത്രികമായി ത്തീർന്നു.

**പ്രവാചക സുന്നത്തുകൾ ജീവിതത്തിൽ പകർ ത്തുകയും, അസ്തമിച്ച്പോയ സുന്നത്തുകൾ ജീവിപ്പി ക്കുകയും ചെയ്യുകയെന്നതാണ് ഒരു മുസ്‌ലിമിന് അഭികാമ്യമായിട്ടുള്ളത്. ഏത് കാര്യങ്ങൾ പ്രവർത്തി ക്കുമ്പോഴും അതിൽ അല്ലാഹുവിൻെറ വിധിയെ ന്താണെന്നറിയേണ്ടതുണ്ട്.**

## <u>പ്രവാചക ജൻമദിനാഘോഷത്തിൻെറ വിധി</u>

ഒരുപാട് കാരണങ്ങളാൽ പ്രവാചക ജൻമ ദിനാഘോഷം വിരോധിക്കപ്പെട്ടതും തള്ളപ്പെടേ ണ്ടതുമാകുന്നു:

<u>ഒന്ന്: ഇത് പ്രവാചകൻേറയോ, ഖുലഫാഉർറാശിദീ ങ്ങളുടെയോ സുന്നത്തിൽപെട്ടതല്ല.</u> അത്കൊണ്ട് ത ന്നെ അത് ബിദ്അത്താണ്. കാരണം പ്രവാചകൻ (ﷺ)പറയുന്നു: (നിങ്ങൾ എൻെറയും, എനിക്ക് ശേഷമുള്ള സൻമാർഗികളായ ഖുലഫാഉർറാശിദീ ങ്ങളുടെയും സുന്നത്തിനെ സ്വീകരിക്കുക, അതിനെ മുറുകെ പിടിക്കുകയും, അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുകയും ചെയ്യുക. കാര്യങ്ങളിൽ പുതു നിർമ്മിതിയെ നിങ്ങൾ കരുതിയിരിക്കുക, എല്ലാ പു തു നിർമ്മിതിയും ബിദ്അത്താണ്, എല്ലാ ബിദ്അ ത്തും വഴികേടാകുന്നു) (അഹ്മദ് 4/126, തിർമിദി- 2676)

ശ്രേഷ്ടമായ മൂന്ന് നൂറ്റാണ്ടിന് ശേഷം ശിയാക്കളിലെ ഫാത്വിമിയാക്കൾ ഇസ്‌ലാം ദീനിനെ തകർക്കുവാനുണ്ടാക്കിയതാണ് പ്രവാചക ജൻമദിനാ ഘോഷം എന്ന ബിദ്അത്ത്. അല്ലാഹുവിലേക്കടു ക്കുവാനായി പ്രവാചകനും, പ്രവാചകൻെറ ഖുലഫാ ഉർറാശിദീങ്ങളും ചെയ്യാത്ത ഒരു കാര്യം ചെയ്യു കയെന്നത് പ്രവാചകൻ തൻെറ ഉത്തരവാദിത്വം പൂർത്തീകരിച്ചില്ല, അതിൽ ഭംഗം വരുത്തിയെന്ന് പറ യുന്നതിന് തുല്ല്യവും, അല്ലാഹു (ഇന്നേ ദിവസം നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തീകരിച്ചുതന്നു) എന്ന ആയത്തിനെ കളവാക്കലുമാണ്. കാരണം പ്രവാചകൻ കൊണ്ടു വരാത്ത ഒരു കാര്യം അത് മതത്തിൽപെട്ടതാണെന്ന് ജൽപിച്ച് കൊണ്ടുവരുക യാണിവർ ചെയ്യുന്നത്.

<u>രണ്ട്: പ്രവാചക ജൻമദിനാഘോഷം കൊണ്ടാടുന്നത് ക്രൈസ്തവരോട് സാദൃശ്യപ്പെടലാണ്.</u> കാരണം അവർ ഈസാ നബി(ﷺ)യുടെ ജൻമദിനം കൊണ്ടാ ടാറുണ്ട്, അവരോട് സാദൃശ്യപ്പെടുകയെന്നത് കർശനമായി വിരോധിക്കപ്പെട്ടതും, നിഷിദ്ധവുമാ കുന്നു.

അവിശ്വാസികളോട് സാദൃശ്യപ്പെടൽ വിരോ ധിച്ചതും, അവരോട് എതിരാവാൻ കൽപിക്കപ്പെട്ട തും ഹദീസുകളിൽ വ്യക്തമായി നമുക്ക് കാണാ വുന്നതാണ്. റസൂൽ(ﷺ) പറയുകയുണ്ടായി:

(مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ ) (أخرجه أحمد: ٢\٥٠، وأبوداود: ٤\٣١٤، وجود إسناده ابن تيمية في اقتضاء الصراط المستقيم :١\٢٦٩، وحسنه السيوطي في الجامع الصغير رقم:٨٥٩٣)

ഇബ്നു ഉമർ(ﷺ) പറയുന്നു: പ്രവാചകൻ പറയുക യുണ്ടായി: "ആരെങ്കിലും ഒരു സമുദായത്തോട് യോജിച്ചാൽ അവൻ അവരിൽ പെട്ടവനായി തീരുന്ന താണ്" വീണ്ടും പറയുന്നു:

(: خَالِفُوا الْمُشْرِكِينَ ...) (مسلم:١\٢٢٢ رقم:٢٥٩)

പ്രവാചകൻ(ﷺ) പറയുന്നു: "നിങ്ങൾ മുശ്രിക്കു കളോട് എതിരാവുക" (മുസ്ലിം). പ്രത്യേകിച്ച് അ വരുടെ മതകാര്യങ്ങളിൽ അവരോട് തികച്ചും എതിരാവണം.

**മൂന്ന്: പ്രവാചക ജൻമദിനാഘോഷം ബിദ്അത്തും, ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, -അവ രണ്ടും നിഷിദ്ധവുമാണ്-**

മാത്രമല്ല, മൗലിദാഘോഷം നബി(ﷺ)യോട് ഇസ്തിഗാസ നടത്തുക, അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുക തുടങ്ങിയ അതിരു കവിഞ്ഞ പ്രവ ർത്തനങ്ങളിലേക്ക് നയിക്കുന്നതാണ്. ഇന്ന് ബിദ്അ ത്തായ ഈ മൗലിദാഘോഷങ്ങൾ സംഘടിപ്പിക്കു ന്നവരിൽ, പ്രവാചകനോട് പ്രാർഥിക്കുക, അദ്ദേഹ ത്തിൽ നിന്ന് സഹായാർഥന നടത്തുക, അദ്ദേഹ ത്തിന്റെ പേരിൽ ശിർക്ക് കലർന്ന വരികളുള്ള കീർത്തനങ്ങൾ ആലപിക്കുക തുടങ്ങിയ പ്രവണത കൾ കാണാവുന്നതാണ്. ഖസീദത്തുൽ ബുർദ പോലുള്ള കീർത്തനങ്ങൾ അവക്കുള്ള ഉദാഹര ണമണ്. പുകഴ്ത്തിപ്പറയുന്നതിൽ അതിരു വിടുന്ന പ്രവണതയെ നബി(ﷺ) വിരോധിച്ചിട്ടുള്ളതാണ്. തിരുമേനി(ﷺ) പറഞ്ഞു:

عَنْ ابْنِ عَبَّاسٍ ﷺ أَنَّهُ سَمِعَ عُمَرَ ﷺ يَقُولُ عَلَى الْمِنْبَرِ : سَمِعْتُ النَّبِيَّ صلى الله عليه وسلم يَقُولُ :( لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ ، فَإِنَّمَا أَنَا عَبْدُهُ ، فَقُولُوا : عَبْدُ اللَّهِ وَرَسُولُهُ ) [ صحيح ] أخرجه البخاري / كتاب أحاديث الأنبياء / باب قول الله (وأذكر في الكتاب مريم إذ انتبذت ... )/ رقم ٣١٨٩ .

ഇബ്നു ഉമർ(ﷺ) മിമ്പറിൽ വെച്ച് കൊണ്ട് പറയുന്നത് ഞാൻ കേട്ടു, അദ്ദേഹം പറയുന്നു: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: "ക്രൈസ്തവർ മർയമിൻെറ പുത്രനെ അമിതമായി പ്രശംസിച്ചതു പോലെ നിങ്ങൾ എന്നെ പ്രശംസി ക്കരുത്. തീർച്ചയായും ഞാൻ അല്ലാഹുവിൻെറ ദാസൻ മാത്രമാണ്. അതിനാൽ അല്ലാഹുവിൻെറ ദാസനെന്നും അവൻെറ ദൂതനെന്നും (എന്നെ ക്കുറിച്ച്) പറയുക". (ബുഖാരി. മുസ്ലിം.) അതായത് ക്രൈസ്തവർ ഈസാ(عليه السلام)യെ പ്രശംസിക്കുന്നതിൽ അതിര് കവിഞ്ഞ് അദ്ദേഹത്തെ അവർ ആരാധിക്കു കയുണ്ടായി അത് പോലെ എന്നിൽ നിങ്ങൾ പ്രശംസിക്കുന്നതിലും, പുകഴ്ത്തുന്നതിലും അതിര് കവിയരുത്. ഇത് അല്ലാഹു കൃത്യമായി വിരോധിച്ചിരിക്കുന്നു:

(يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ وَلَا تَقُولُوا عَلَى اللَّهِ إِلَّا الْحَقَّ إِنَّمَا الْمَسِيحُ عِيسَى ابْنُ مَرْيَمَ رَسُولُ اللَّهِ وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ وَرُوحٌ مِنْهُ) (النساء:١٧١)

(വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു).

**ക്രൈസ്തവർ ചെന്ന്പെട്ട രൂപത്തിൽ നിങ്ങളും ചെന്നെത്തുമെന്ന് ഭയപ്പെട്ടതിനാൽ തന്നെ നിങ്ങൾ പ്രശംസിക്കുന്ന കാര്യത്തിൽ അതിര് കവിയാൻ പാടില്ലായെന്ന് നമ്മുടെ പ്രവാചകൻ(ﷺ) നമ്മോട് കൽപിച്ചിരിക്കുന്നു. റസൂലുല്ലാഹ്(ﷺ) പറയുന്നു:**

(إِيَّاكُمْ وَالْغُلُوَّ فَإِنَّمَا هَلَكَ مَنْ كَانَ قَبْلَكُمْ بِالْغُلُوِّ ) (أخرجه النسائي:٥\٢٦٨، وصححه الألباني في صحيح سنن النسائي، رقم:٢٨٦٣)

**(നിങ്ങൾ അതിര് കവിയുന്നതിനെ കരുതിയിരിക്കുക, കാരണം നിങ്ങളുടെ മുൻഗാമികൾ നശിക്കുവാൻ കാരണം അവർ അതിര് കവിഞ്ഞതാകുന്നു.) നസാഈ 5/268, അൽ ബാനിയുടെ സ്വഹീഹു സുനനുന്നസാഈ. 2863.**

**<u>നാല്: പ്രവാചക ജൻമദിനാഘോഷം എന്ന ബിദ്അത്ത് ചെയ്യുന്നത്, വേറെ ബിദ്അത്തുകൾ ചെയ്യുവാനും, സ്ഥിരപ്പെട്ട സുന്നത്തുകൾ പാടെ വിസ്മരിക്കുവാനും കാരണമായിതീരുന്നു.</u> ഇത് കൊണ്ട് തന്നെയാണ് ജൻമദിനാഘോഷമെന്ന ബിദ്അത്ത് ചെയ്യുവാൻ അതീവ താൽപര്യം കാണിക്കുന്നവർ സ്ഥിരപ്പെട്ട പല സുന്നത്തുകളുടെ കാര്യത്തിലും അലംബാവം കാണിക്കുകയും അത് പിൻതുടർന്ന് ജീവിക്കുന്നവരോട് വിദ്വോഷവും, ശത്രുതയും വെച്ച് പുലർത്തുകയും ചെയ്യുന്നതായി നമുക്ക് കാണാനാവുന്നത്. മൗലിദാഘോഷം സംഘടിപ്പിക്കുന്ന വരുടെ ദീൻ വെറും മൗലീദ് പാരായണവും, ഇങ്ങനെയുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കലുമായി മാറിയിരിക്കുന്നു. അവർ ചേരികളായി തിരിയകയും, ഓരോ വിഭാഗങ്ങളും ബദവി,ഇബ്നു അറബി, ദസൂഖി, ശാദുലി തുടങ്ങിയ നേതാക്കൻമാരുടെ മൗലിദുകൾ നടത്തുന്നു. അതുപോലെ ഓരോ വിഭാഗവും അവരവരുടെ നേതാക്കൻമാരുടെ ജൻമ ദിനാഘോഷങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു | രുന്നു. അങ്ങിനെ ഒരു മൗലിദ് കഴിയുമ്പോൾ അടുത്ത മൗലിദ് തുടങ്ങുകയായി. ഇതുകൊണ്ടു ണ്ടാകുന്ന ഭീകരമായ ഭവിഷ്യത്ത്, മരിച്ച്പോയ ഇങ്ങനെയുള്ള ആളുകളിൽ അതിര് കവിയുകയും, അല്ലാഹുവിന് പുറമെ അവരെ വിളിച്ച് പ്രാർത്ഥിക്കുകയും, അവർക്ക് ഉപകാരോപദ്രവങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് അവർ ചെന്നെത്തുമെന്നതാണ്. അങ്ങിനെ യഥാർത്ഥ ഇസ്ലാമിൽ നിന്നവർ പതിയെ പതിയെ പുറത്ത്ചാടി ജാഹിലിയ്യാ സമൂഹത്തിന്റെ മതത്തിലേക്കവർ പ്രവേശിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചാണ് അല്ലാഹു പറയുന്നത്.**

(وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنْفَعُهُمْ وَيَقُولُونَ هَؤُلَاءِ شُفَعَاؤُنَا عِنْدَ اللَّهِ) (يونس:١٨)

(അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു).

(وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى) (الزمر:٣)

(അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.)

## മൗലീദാഘോഷിക്കുന്നവരുടെ ദുർന്യായങ്ങളും, അതിനുള്ള മറുപടികളും.

പ്രവാചക ജൻമദിനാഘോഷം സംഘടിപ്പിക്കു വാനായി നിരത്തുന്ന ദുർന്യായങ്ങൾ എട്ടുകാലി വലയേക്കാൾ ദുർബലമാണ്. അവ താഴെ വിശദീ കരിക്കട്ടെ.

1- പ്രവാചകൻ(ﷺ)യെ മഹത്വപ്പെടുത്തലാണ് മൗലീദാ ഘോഷം.

മറുപടി: പ്രവാചകൻ(ﷺ))യെ മഹത്വപ്പെടുത്തേണ്ടത് തിരുമേനി(ﷺ)യെ അനുസരിച്ച് കൊണ്ടും, അദ്ദേഹ ത്തിൻെറ കൽപനകൾ ജീവിതത്തിൽ പകർത്തിയും, വിരോധങ്ങളിൽ നിന്ന് വിട്ട്നിന്നും, അവിടുത്തെ സ്നേഹിച്ച് കൊണ്ടുമാണ്. ബിദ്അത്തുകൾ, കെട്ടു കഥകൾ, പാപങ്ങൾ എന്നിവ ചെയ്ത് കൊണ്ട് തിരുമേനി(സ)യെ മഹത്വപ്പെടുത്തുവാൻ പാടില്ല. പ്രവാചകജന്മദിനാഘോഷം പ്രവാചകൻ(ﷺ)യെ ധിക്കരിക്കലാകുന്നു. പ്രവാചകൻ(ﷺ)യെ യഥാർത്ഥ രൂപത്തിൽ മഹത്വപ്പെടുത്തിയത് സ്വഹാബാക്കളാണ്. അതാണ് ഉർവ്വത്ബ്നു മസ്ഊദ് ഖുറൈശികളോട് പറയുന്നതിൽ നിന്ന് നമുക്ക് കാണാൻ കഴിയുന്നത്. (എൻെറ സമൂഹമെ, അല്ലാഹു തന്നെയാണ സത്യം, ഞാൻ നജ്ജാശി, കിസ്റാ, ഖൈസർ പോലെയുള്ള രാജാക്കൻമാരുടെ കൊട്ടാരത്തിലേക്ക് നിയോഗിത നായിട്ടുണ്ട്, അല്ലാഹു തന്നെ സത്യം, മുഹമ്മദിന് മുഹമ്മദിൻെറ അനുയായികൾ നൽകുന്ന മഹത്വ ത്തെ പോലെ ഒരു രാജാവിനും അവരുടെ പ്രജകൾ നൽകുന്നതായി ഞാൻ ഇന്നുവരെ കണ്ടിട്ടില്ല, അദ്ദേഹത്തിന്റെ തുപ്പുനീർ കയ്യിലായാൽ അതുകൊണ്ട് മുഖവും ശരീരവും തുടക്കാൻ പോലും അവർ തയ്യാറാണ്. അദ്ദേഹമവരോട് വല്ലതും കൽപിച്ചാൽ അത് ചെയ്യാനായി അവർ ധൃതികൂട്ടുന്നു, അദ്ദേഹം വുദുവെടുത്താൽ ആ വെള്ളത്തിനായി അവർ മൽസരിക്കുന്നു, അദ്ദേഹം സംസാരിച്ചാൽ അവർ അവരുടെ ശബ്ദം താഴ്ത്തുന്നു, അദ്ദേഹത്തോടുള്ള മഹത്വം കാരണം അദ്ദേഹത്തിലേക്കവർ നേരിട്ട് നോക്കുക പോലും ചെയ്യാറില്ല.) (ബുഖാരി 3/178, ന: 2731, 2732, അൽഫത്ഹ്:5/388)

ഇത്രമാത്രം സ്വഹാബികൾ പ്രവാചകനെ ആദരിക്കുകയും, ബഹുമാനിക്കുകയും, മഹത്വപ്പെ ടുത്തുകയും ചെയ്തിട്ടും ഒരിക്കലെങ്കിലും തിരുമേനി (ﷺ) ജനിച്ച ദിവസം ആഘോഷിക്കുകയോ, മൗലീദ് നടത്തുകയോ ചെയ്തിട്ടില്ല, അത് ദീനിൽപെട്ട തായിരുന്നെങ്കിൽ അവർ ഒരിക്കലുമത് ഉപേക്ഷിക്കു മായിരുന്നില്ല.

2- മൗലീദാഘോഷം അധിക രാജ്യങ്ങളിലെയും ഭൂരി പക്ഷമാളുകളും ചെയ്യുന്നുണ്ട്.

മറുപടി: പ്രവാചകൻ(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നതാണ് തെളിവായി അംഗീകരിക്കപ്പെടുക. ബിദ്അത്തുകൾ വർജിക്കേണ്ടതാണെന്ന കാര്യം പ്രവാചകൻ(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നതാണ്. ജൻമദിനാഘോഷം ഇങ്ങനെയുള്ള ബിദ്അത്തിൽ പെട്ടതാണ്. പ്രമാണങ്ങൾക്കെതിരായി ജനങ്ങൾ ചെയ്യുന്നു വെന്നത് തെളിവല്ല. അവർ ഭൂരിപക്ഷമു ണ്ടെങ്കിലും. അല്ലാഹു പറയുന്നു

(وَإِنْ تُطِعْ أَكْثَرَ مَنْ فِي الْأَرْضِ يُضِلُّوكَ عَنْ سَبِيلِ اللَّهِ) (الأنعام: ١١٦)

(ഭൂമിയിലുള്ളവരിൽ അധികപേരെയും നീ അനുസരി ക്കുന്ന പക്ഷം അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും നിന്നെ അവർ തെറ്റിച്ചു കളയുന്നതാണ്.)

ഭൂരിപക്ഷമാളുകൾ മൗലീദാഘോഷമെന്ന ബിദ്അത്ത് ചെയ്യുന്നുണ്ടെങ്കിലും ഇതിനെ എതിർക്കു വാനും, അതിൻെറ നിരർത്ഥക ജനങ്ങൾക്ക് വ്യക്ത മാക്കി കൊടുക്കുവാനും ഒരു വിഭാഗം എല്ലാ കാല ത്തുമുണ്ടായിട്ടുണ്ട്, -അതിന് അല്ലാഹുവിനെ സ്തുതി ക്കട്ടെ-, സത്യം വ്യക്തമായിട്ടും, ബോധ്യപ്പെട്ടിട്ടും ജൻമദിനാഘോഷം സംഘടിപ്പിക്കപ്പെടുന്നുവെന്നത് തെളിവല്ല.

ജൻമദിനാഘോഷം വെറുക്കപ്പെട്ടതും ബിദ് അത്തുമാണെന്ന് പറഞ്ഞ പണ്ഡിതൻമാർ ധാരാളമു ണ്ട്, 'ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ്യ:' തൻെറ 'ഇഖ്തിളാഉൽ സ്വിറാത്വൽ മുസ്ത ഖീമിലും', 'ഇമാം ശാത്വിബി' തൻെറ 'അൽ ഇഅ്തിസാമിലും', 'ഇബ്നുൽ ഹാജ്' തൻെറ 'അൽ മദ്ഖലിലും', 'ശൈഖ് താജുദ്ദീൻ അലിയ്യു ബ്നു ഉമർ അല്ലഹ്മി' ഈ ബിദ്അത്തിനെ എതിർക്കാൻ വേണ്ടി മാത്രമായി രചിച്ച കൃതിയിലും, 'ശൈഖ് മുഹമ്മദ് ബശീർ അസഹ്സുവാനി അൽ ഹിൻദി' തൻെറ 'സ്വിയാന ത്തുൽ ഇൻസാനിലും', 'സയ്യിദ് മുഹമ്മദ് റശീദുർറിള' ഇതിന് പ്രത്യേ കമായി രചിച്ച കിതാബിലും, 'ശൈഖ് മുഹമ്മദ്ബ്നു ഇബ്രാഹീം ആലു ശൈഖ്' ഈ ബിദ്അത്തിനെതിരിൽ രചിച്ച ഗ്രന്ഥത്തിലും, ശൈഖ് അബ്ദുൽ അസീസ്ബ്നു ബാസ് ഇതുസംബന്ധമായി രചിച്ച തൻെറ ഗ്രന്ഥത്തിലും അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതുപോലെ ധാരാളം പണ്ഡിതൻമാരും ഈ ബിദ്അത്തിനെ എതിർത്തിട്ടുണ്ട്. അതുപോലെ ഈ ബിദ്അത്തിനെ എതിർക്കുവാനും ഇല്ലായ്മ ചെയ്യുവാനുമായി സന്ദർഭത്തിനനുസരിച്ച് പത്രങ്ങളിലും മാസിക കളിലും ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്.

3- ജൻമദിനാഘോഷം നബി(സ)യുടെ ഓർമ്മ പുതു ക്കലാണ്.

മറുപടി: റസൂൽ(ﷺ)യെ ഓരോ മുസ്‌ലിമും എപ്പോഴും ഓർക്കാറുണ്ട്, ഓർക്കേണ്ടതുണ്ട്, പ്രവാച കൻ(ﷺ)യുടെ പേര് ബാങ്കിലും, ഇഖാമത്തിലും, ഖുതുബയിലും കേൾക്കുമ്പോഴും, അതു പോലെ വുദുവിന് ശേഷവും, നമസ്കാരത്തിലും രണ്ട് സാക്ഷ്യവചനങ്ങൾ ആവർത്തിക്കുമ്പോഴും, നമസ് കാരത്തിലും അല്ലാത്ത സന്ദർഭത്തിലും സ്വലാത്ത് ചൊല്ലുമ്പോഴും, നിർബ്ബന്ധമോ, ഐഛിക മോ ആയ സൽകർമ്മങ്ങൾ ചെയ്യുമ്പോഴുമെല്ലാം പ്രവാച കനെ ഓർക്കുകയും, ആ ഓർമ്മയെ ജീവിപ്പിക്കു കയും ചെയ്യുന്നു. അതോടൊപ്പം തന്നെ ആരൊക്കെ നൻമകൾ ചെയ്യുന്നുവോ അതിനെല്ലാം തിരുമേ നിക്കും പ്രതിഫലം ലഭിക്കുകയും ചെയ്യുന്നു. അല്ലാഹു നിയമമാക്കിയതിനനുസരിച്ച് തൻെറ ആയുസ്സ് മുഴുവനും രാവും പകലിലുമായി ഈ രൂപത്തിലാണ് ഒരു മുസ്‌ലിം പ്രവാചകൻ(സ)യെ എപ്പോഴും ഓർക്കേണ്ടത്. പ്രവാചക സുന്നത്തിന് വിപരീതമായി, ബിദ്അത്തായ രൂപത്തിൽ പ്രവാചകൻ ജനിച്ച ദിവസം മാത്രം പോരാ പ്രവാചകനെ സ്മരിക്കേണ്ടത്. ഇത് പ്രവാചകചര്യയിൽ നിന്ന് അകലാനും, അദ്ദേഹത്തിൽ നിന്ന് ബഹുദൂര മകറ്റാനും മാത്രമെ ഉതകുകയുള്ളൂ. പ്രവാചകൻ (ﷺ)യെ ജൻമദിനാഘോഷം കൂടാതെ തന്നെ അല്ലാഹു മഹത്വപ്പെടുത്തുകയും, പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് അല്ലാഹു പറയുന്നത്:

(وَرَفَعْنَا لَكَ ذِكْرَكَ) (الشرح: ٤)

(നിനക്ക് നിന്റെ കീർത്തി നാം ഉയർത്തി ത്തരികയും ചെയ്തിരിക്കുന്നു).

അല്ലാഹുവിനെ ഓർത്തതിന് ശേഷം പ്രവാചകൻ (ﷺ)യെ ഓർക്കാത്ത ഒരു ബാങ്കും, ഇഖാമത്തും, ഖുതുബയും തന്നെയില്ല. പ്രവാചകൻ (ﷺ)യുടെ മഹത്വത്തിനും ആദരവിനും, അദ്ദേഹത്തെ സ്നേഹി ക്കുന്നതിനും, ഓർമകൾ പുതുക്കുവാനും, പ്രവാചക ചര്യ പിൻതുടരുവാനുള്ള പ്രേരണക്കും തെളിവായി ഇത് തന്നെ മതി.

പ്രവാചകൻ(ﷺ)യുടെ ജൻമദിനത്തെപ്പറ്റി അല്ലാഹു ഖുർആനിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല, മറിച്ച് പ്രവാചകൻ(ﷺ)യുടെ നിയോഗത്തെ സംബ ന്ധിച്ചാണ് പ്രസ്താവിച്ചിട്ടുള്ളത്. അല്ലാഹു പറയു ന്നു:

(لَقَدْ مَنَّ اللَّهُ عَلَى الْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولًا مِنْ أَنْفُسِهِمْ) (آل عمران: ١٦٤)

(തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നി ന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്.)

(هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ) (الجمعة: ٢)

(അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോ ഗിച്ചവനാകുന്നു അവൻ).

നാല്: അല്ലാഹുവിന്റെ സാമീപ്യമുദ്ദേശിച്ചു കൊണ്ട്, പ്രവാചക ജന്മദിനാഘോഷം തുടങ്ങി വെച്ചത് പണ്ഡിതനും നീതിമാനുമായ ഒരു രാജാവാണ്.

മറുപടി: ബിദ്അത്ത് ആര് തന്നെ ഉണ്ടാക്കിയാലും സ്വീകാര്യമല്ല, നല്ല ഉദ്ദേശം ചീത്ത പ്രവർത്തനങ്ങളെ നൻമയാക്കി തീർക്കുകയില്ല, പണ്ഡിതനും, നീതിമാ നുമാണെന്നത് പാപസുരക്ഷിതത്വത്തിനുള്ള തെളിവു മല്ല.

അഞ്ച്- മൗലിദാഘോഷം നല്ല ബിദ്അത്താണ്, കാരണം പ്രവാചകനെ നിയോഗിച്ചതിലുള്ള അല്ലാഹുവിനായുള്ള നന്ദി രേഖപ്പെടുത്തുകയാണ് അതിലൂടെ ചെയ്യുന്നത്.

മറുപടി: ബിദ്അത്തിൽ നല്ലത് എന്നതില്ല, കാരണം റസൂലുല്ലാഹ്(ﷺ) പറയുന്നത്:

(مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ)

“നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്” (ബുഖാരി). അതു പോലെ റസൂലുല്ലാഹ്(ﷺ) പറയു കയുണ്ടായി:

فَإِنَّ كُلَّ بِدْعَةٍ ضَلَالَةٌ (أحمد، الترمذي)

‘തീർച്ചയായും എല്ലാ ബിദ്അത്തുകളും വഴികേടാ കുന്നു’. അപ്പോൾ ബിദ്അത്തുകളുടെ വിധി, അത് മുഴുവനും വഴികേടാണ് എന്നാകുന്നു. എന്നാൽ ഇവർ വാദിക്കുന്നത് എല്ലാ ബിദ്അത്തുകളും വഴികേടല്ല, മറിച്ച് ചിലത് നല്ല ബിദ്അത്തായിട്ടുണ്ട് എന്നാണ്.

“ഇബ്നു റജബ്’ ‘ഇമാം നവവി’യുടെ “അർബഊ നന്നവവി’ വിശദീകരിച്ച് കൊണ്ട് വ്യക്തമാക്കുന്നു: ‘എല്ലാ ബിദ്അത്തും വഴികേടാണ്’ എന്ന ഹദീസ് പ്രവാചകൻ(ﷺ)യുടെ ജവാമിഉൽ കലിമയിൽ (കുറഞ്ഞപദങ്ങളിൽ കൂടുതൽ ആശയം ഉൾകൊള്ളിക്കുക. വിവ:) പെട്ടതാകുന്നു. ഇതിൽ നിന്ന് ഒന്നും പുറത്ത്പോകുന്നില്ല. ഇത് മതത്തിൻെറ അടിത്തറകളിൽ പെട്ട ഒരു അടിത്തറയാകുന്നു. മാത്ര മല്ല, പ്രവാചകൻ(ﷺ)യുടെ താഴെ വരുന്ന ഹദീസി നോട് സാദൃശ്യമുള്ളതുമാണ്.

(مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ)

“നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്” (ബുഖാരി).

ദീനിന്റെ അടിസ്ഥാന പ്രമാണമില്ലാത്ത ഒരു പുത്ത നാചാരം ആരെങ്കിലും ഉണ്ടാക്കി, അതിനെ ദീനിലേക്ക് ചേർത്ത് പറഞ്ഞാൽ, അത് അവനിലേക്ക് തന്നെ തള്ളേണ്ടതാണ്. തീർത്തും വഴികേടാണത്, ഇസ്ലാമി ന് അക്കാര്യവുമായി യാതൊരു ബന്ധവുമില്ല. വിശ്വാസ വിഷയങ്ങളിലൊ, കർമ്മ വിഷയങ്ങളിലൊ, പ്രത്യക്ഷ വും പരോക്ഷവുമായ മറ്റേതൊരു വിഷയത്തിലൊ ആകട്ടെ ആ പുത്തനാചാരം സ്വീകരിക്കാവതല്ല. (ജാമി ഉൽ ഉലൂമി വൽ ഹികം: 233)

നല്ല ബിദ്അത്തുണ്ട് എന്ന് വാദിക്കുന്ന വർ ക്കുള്ള ഏക രേഖ ഉമർ(رضي الله عنه) തറാവീഹ് നമസ്കാര ത്തെ സംബന്ധിച്ച് പറഞ്ഞ

(نِعْمَتِ الْبِدْعَةُ هَذِهِ ) (صحيح البخاري: ٢|٢٥٢،رقم ٢٠١٠معلقا، الفتح:٤|٢٩٤)

“ഇത് എത്ര നല്ല ബിദ്അത്താണ്” എന്ന പ്രസ്താവനയാണ്.

വേറെയും ചില പുതിയ സംഗതികൾ ദീനി ൽ പുതുതായ ഉണ്ടായിട്ടുണ്ടെന്നും സലഫുകൾ ആരും തന്നെ അവയെ എതിർത്തിട്ടില്ലെന്നും അവർ വാദിക്കാറുണ്ട്. ഖുർആൻ ക്രോഡീകരണം, ഹദീസു കൾ എഴുതി രേഖപ്പെടുത്തൽ, അവയുടെ സമാഹര ണം തുടങ്ങിയ കാര്യങ്ങ ളെയാണ് അവർ അതിന് ഉദാഹരണങ്ങളായി എടുത്തു കാട്ടുന്നത്.

ഇതിനുള്ള മറുപടി: മുകളിൽ വിശദീകരിക്കപ്പെട്ട കാര്യങ്ങൾക്ക് മതത്തിൽ ഒരു അടിസ്ഥാനമുണ്ട് എന്നതാണ്. അതൊന്നും തന്നെ പുതുതായി ഉണ്ടാക്കപ്പെട്ടതല്ല. ‘ഈ ബിദ്അത്ത് എത്ര നല്ല താണ്’ എന്ന ഉമർ(ﷺ)ൻെറ പരാമർശത്തിലെ ബിദ്അത്ത് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭാഷാപരമായ അർത്ഥത്തിലാണ്, അല്ലാതെ ശറഇന്റെ സാങ്കേതി കാർത്ഥത്തിലല്ല. കാരണം ബിദ്അ ത്തിന് ശറഇലേക്ക് ചേർത്ത് പറയാവുന്ന ഒരു അടിസ്ഥാനവുമില്ല.

ഖുർആൻ രണ്ട് ചട്ടകൾക്കുള്ളിലാക്കുവാൻ മതത്തിൽ ഒരു അടിസ്ഥാനമുണ്ട്, കാരണം നബി(ﷺ) ഖുർആൻ എഴുതിവെക്കുവാൻ കൽപിച്ചിരുന്നു. എന്നാലത് വ്യത്യസ്ഥ സ്ഥലങ്ങളിൽ വ്യാപിച്ച് കിട ക്കുകയായിരുന്നു, അതിനെ സംരക്ഷണത്തിനായി സ്വഹാബാക്കൾ ഒരുമിച്ച് കൂട്ടിയെന്ന് മാത്രം.

തറാവീഹ് നമസ്കാരം സ്വഹാബികളെയും കൊണ്ട് നബി(ﷺ) നമസ്കരിച്ചിട്ടുണ്ട്, ശേഷം അത് നിർബ്ബന്ധമാക്കുമോയെന്ന ഭയത്താൽ ജമാഅത്താ യി നമസ്കരിക്കുന്നത് ഒഴിവാക്കുകയാണ് ചെയ്ത ത്. ശേഷം പ്രവാചകൻ(ﷺ)യുടെ കാലത്തും, വഫാത്തിന് ശേഷവും സ്വഹാബാക്കൾ ഓരോരുത്ത രായി അത് നിർവഹിച്ചിരുന്നു, പ്രവാചകൻ(ﷺ)യുടെ പിന്നിൽ നമസ്കരിച്ചിരുന്നത് പോലെ ഉമർ(ﷺ) പിന്നീടത് ജമാഅത്തായി ഒരുമിച്ച് കൂട്ടിയെന്ന് മാത്രം. ഇത് മതത്തിൽ ബിദ്അത്തു ണ്ടാക്കിയതല്ല.

ഹദീഥ് രേഖപ്പെടുത്തുന്ന കാര്യവും അതു പോലെ തന്നെയാണ്, അതിനും മതത്തിൽ അടി സ്ഥാനമുണ്ട്. കാരണം ചില സ്വഹാബാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് ചില ഹദീസുകൾ രേഖ പ്പെടുത്തിവെക്കുവൻ അവരോട് നബി(ﷺ)കൽപി ച്ചിട്ടുണ്ട്. മൊത്തത്തിൽ ഹദീഥുകൾ രേഖപ്പെടുത്തി വെക്കുവാൻ കൽപിക്കാതിരുന്നത് ഖുർആനിൽ ഹദീഥ് കൂടികലരുമോയെന്ന ഭയമായിരുന്നു. പ്രവാചക വഫാത്തോടെ ഈ കാരണം നീങ്ങി പോയി. കാരണം പ്രവാചക വഫാത്തിന് മുമ്പ് തന്നെ ഖുർആൻ പരിപൂർണമാവുകയും, ക്രമീകരി ക്കുകയും ചെയ്തിട്ടുണ്ട്. അതിന് ശേഷം മുസ്ലീ ങ്ങൾ സുന്നത്തിൻെറ സംരക്ഷണാർത്ഥം അത് രേഖ പ്പെടുത്തുകയുണ്ടായി. ഇസ്ലാമിനും മുസ്ലീങ്ങ ൾക്കും നൻമ ചെയ്തവർക്ക് അല്ലാഹു പ്രതിഫലം നൽകുമാറാവട്ടെ. അങ്ങിനെ അവർ അല്ലാഹു വിൻെറ ഗ്രന്ഥത്തെയും, പ്രവാചക സുന്നത്തിനെയും സംരക്ഷിച്ചു.

നബി(ﷺ)യുടെ ജന്മദിനാഘോഷത്തിലൂടെ, പ്രവാചക നിയോഗത്തിന് നന്ദി കാണിക്കുകയാണ് എന്ന ന്യായം പറയുന്നവരോട് നമുക്ക് ചോദിക്കാനു ള്ളത്, ശ്രേഷ്ട നൂറ്റാണ്ടാണെന്ന് വിശേഷി പ്പിക്കപ്പെട്ട കാലത്ത് ജീവിച്ച സ്വഹാബാക്കളും, താ ബിഉകളും, താബിഉതാബിഉകളും ഈ നന്ദി ചെയ്യാ ത്തവരാണോ? എന്നാണ്. അവരാണല്ലോ പ്രവാചക നെ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും, നൻമ ചെയ്യുവാനും, അല്ലാഹുവിന് കൂടുതൽ നന്ദി ചെയ്യു വാനും ഏറ്റവും ഉൽസാഹം കാണിക്കുകയും ചെ യ്തവർ. പ്രവാചക ജൻമദിനമാഘോഷമെന്ന ബിദ്അത്ത് ഉണ്ടാക്കിയ വരാണോ ഉത്തമ നൂറ്റാണ്ടു കാരേക്കാൾ നല്ല മാർഗത്തിലുള്ളവർ? അല്ല, തീർച്ച യായും അല്ല.

ആറ്- പ്രവാചക ജൻമദിനാഘോഷം പ്രവാചക സ്നേഹത്തെയാണ് വിളിച്ചോതുന്നത്.

നബി(ﷺ)യോ ടുള്ള സ്നേഹപ്രകടനങ്ങളിൽ ഒന്നു മാത്രമാണത്. പ്രവാചകസ്നേഹം പ്രകടിപ്പിക്കുക എന്നത് മതം അനുശാസിക്കുന്ന കാര്യമാണ്.

മറുപടി: പ്രവാചകൻ(ﷺ)യെ സ്വന്തം ശരീരത്തേ ക്കാളും, സന്താനങ്ങളേക്കാളും, മാതാപിതാക്കളേ ക്കാളും, മുഴുവൻ ജനങ്ങളേക്കാളും ഓരോ മുസ്ലിമും സ്നേഹിക്കൽ നിർബ്ബന്ധമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അതിൻെറ അർത്ഥം പ്രവാചകൻ പഠിപ്പിച്ച് തരാത്ത ഒരു കാര്യം അതിൻെറ പേരിൽ മതത്തിൽ ഉണ്ടാക്കുക എന്നതല്ല. പ്രവാചക സ്നേഹത്തിൻെറ തേട്ടം അദ്ദേഹത്തെ അനുസരിക്കലും, പിൻതുടരലുമാ കുന്നു. അതാണ് പ്രവാചകസ്നേഹ പ്രകടന ങ്ങളിൽ ഏറ്റവും മഹത്തരമായിട്ടുള്ളത്. ഒരു കവി പാടിയതാണു ശരി:

“നിൻെറ സ്നേഹം സത്യസന്ധമാണെങ്കിൽ നീ അദ്ദേഹത്തെ അനുസരിച്ചേനെ,

സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടുന്നവനെ അനു സരിക്കുന്നവനാകുന്നു. ”

പ്രവാചക സ്നേഹമെന്നത് പ്രവാചക സുന്നത്തിനെ ജീവിപ്പിക്കലും, അത് അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കലും, അതിന്നെതിരായ മുഴുവൻ വാക്കുകളും, പ്രവർത്തനങ്ങളും ഉപേക്ഷി ക്കലുമാകുന്നു. പ്രവാചക സുന്നത്തിനെതിരായ മുഴുവൻ കാര്യങ്ങളും ബിദ്അത്തും, ആക്ഷേ പാർഹവുമാണ്. ഇങ്ങനെയുള്ള ഒരു ബിദ്അത്ത് തന്നെയാണ് പ്രവാചക ജന്മദിനാഘോഷം. നല്ല ഉദ്ദേശങ്ങൾ മതത്തിൽ ബിദ്അത്തുണ്ടാക്കുവാനുള്ള മാനദണ്ഡമല്ല. ഇഖ്ലാസ്, പ്രവാചകനെ പിൻ തുടരൽ എന്നി രണ്ട് അടിത്തറയിലാണ് തീർച്ചയായും മതം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

(بَلَى مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ عِنْدَ رَبِّهِ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ)

(البقرة:١١٢)

(എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമ്മകാരിയായിക്കൊണ്ട് അല്ലാഹുവിന് ആത്മ സമർപ്പണം ചെയ്തുവോ അവന് തന്റെ രക്ഷിതാവി ങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.)

അല്ലാഹുവിന് മുഖത്തെ കീഴൊതുക്കുകയെ ന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, കർമ്മങ്ങൾ അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുകയെന്നതാണ്, അതായത് ഇഖ്ലാസാണ്, ഇഹ്സാൻ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകനെ പിൻതുടര ലും, സുന്നത്ത് പ്രവർത്തിക്കലുമാണ്.

ഏഴ് - പ്രവാചകന്റെ ജന്മദിനാഘോഷവേളകളിൽ അവിടുത്തെ ചരിത്രം വായിക്കപ്പെടുകയാണ് ചെ യ്യുന്നത്. അതിലൂടെ നബി(ﷺ)യെ അനുസരിക്കു വാനും അവിടുത്തെ സുന്നത്തുകൾ അനുധാവനം ചെയ്യുവാനുമുള്ള പ്രേരണ ലഭിക്കുന്നുണ്ട്.

മറുപടി: പ്രവാചക ചരിത്രം വായിക്കലും, പിൻതുടരലും ഓരോ മുസ്ലിമിന്നും ജീവിതകാലം മുഴുവനും, വർഷം മുഴുവനും എപ്പോഴും വേണ്ട ഒരു കാര്യമാണ്. എന്നാൽ യാതൊരു തെളിവു മില്ലാതെ പ്രത്യേക ഒരു ദിവസം തിരഞ്ഞെടുത്ത് അങ്ങിനെ ചെയ്യൽ ബിദ്അത്തിൽപെട്ടതാണ്. എല്ലാ ബിദ്അത്തും വഴികേടാണ്. ബിദ്അത്ത് തിൻമ യല്ലാതെ വർദ്ധിപ്പിക്കുകയില്ല, നബി(ﷺ)യിൽ നിന്ന് അകൽച്ചയല്ലാതെ സമ്മാനിക്കുകയുമില്ല.

## സംക്ഷിപ്തം:

പ്രവാചക ജൻമദിനാഘോഷം ഏത് രൂപ ത്തിലും, ഭാവത്തിലുമാണെങ്കിലും ശരി അത് ബിദ്അ ത്താണ്, ഇതിനെയും, ഇതുപോലുള്ള ബിദ്അത്തുക ളെയും വെറുക്കുകയും, എതിർക്കുകയും, സുന്നത്തു കളെ ജീവിപ്പിക്കുകയും, ജീവിതത്തിൽ പ്രാവർത്തിക മാക്കുകയും

ചെയ്യേണ്ടത് ഓരോ മുസ്ലിമിൻെറയും ബാധ്യതയാണ്. ഈ ബിദ്അത്ത് ചെയ്യുകയും, അതിനെ ന്യായീകരിക്കുകയും ചെയ്യുന്നവരെ കണ്ട് ഒരാളും വഞ്ചിതരാവാൻ പാടില്ല. കാരണം ഇവർ സുന്നത്തുകളെ ജീവിപ്പിക്കുവാൻ പരിശ്രമിക്കുന്നതി നേക്കാൾ ബിദ്അത്തുകളെ ജീവിപ്പിക്കുവാനാണ് ശ്രമിച്ച് കൊണ്ടിരിക്കുക. മാത്രമല്ല, സുന്നത്തുകളെ തീരെ അവഗണിക്കുന്നവരുമാണ് ഈ വിഭാഗമാ ളുകൾ. അത്കൊണ്ട് തന്നെ അവരെ ഗൗനിക്കുക യോ, പരിഗണിക്കുകയോ, പിൻതുടരുകയോ ചെയ്യ ൽ അനുവദനീയമല്ല. അവർ ഭൂരിപക്ഷമാണെങ്കിലും ശരി. നാം പിൻതുടരേണ്ടത് പ്രാചക സുന്നത്തുകളെ ജീവിതത്തിൽ പകർത്തിയ പൂർവ്വസൂരികളായ സ്വഹാബാക്കളെയും അവരെ പിൻതുടർന്നവരെയു മാണ്.- അവർ വളരെ കുറച്ചാണെങ്കിലും ശരി. വ്യക്തികൾ കൊണ്ട് സത്യം അറിയപ്പെടുകയില്ല, മറിച്ച് സത്യം മുഖേനയാണ് ആളുകൾ അറിയ പ്പെടുക. പ്രവാചകൻ(ﷺ) പറയുന്നു:

فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلَافًا كَثِيرًا فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ (أخرجه أحمد:٤\١٢٦، والترمذي، رقم:٢٦٧٦)

(എനിക്ക് ശേഷം ആർക്കെങ്കിലും ജീവിക്കുവാൻ അവസരം ലഭിക്കുകയാണെങ്കിൽ അവർക്ക് ഒരുപാട് ഭിന്നതകൾ കാണാവുന്നതാണ്, ആ സന്ദർഭത്തിൽ എൻെറയും, സൻമാർഗികളായ ഖുലഫാഉർറാശിദീ ങ്ങളുടെയും സുന്നത്തിനെ നിങ്ങൾ പകർത്തുക, അതിനെ മുറുകെ പിടിക്കുക, അണപ്പല്ലുകൾ കൊണ്ടതിനെ കടിച്ചുപിടിക്കുക, കാര്യങ്ങളിൽ പുതുതായുണ്ടാക്കുന്നതിനെ നിങ്ങൾ കരുതിയിരി ക്കുക, കാരണം എല്ലാ പുതുതായുണ്ടാക്കിയതും ബിദ്അത്താണ്, എല്ലാ ബിദ്അത്തും വഴികേടാകുന്നു)

പ്രവാചക ജൻമദിനാഘോഷത്തിന് പ്രവാച കൻ(ﷺ)യുടെ സുന്നത്തിലോ, ഖുലഫാഉർറാഷിദു കളുടെ ചര്യയിലോ യാതൊരു തെളിവും കാണാൻ സാധ്യമല്ല. അത് കൊണ്ട് തന്നെ ഇത് മതത്തിലു ണ്ടാക്കിയ പുത്തനാചാരവും, വഴിപിഴപ്പിക്കുന്ന ബിദ്അത്തുമാകുന്നു. എല്ലാ ബിദ്അത്തുകളും വഴി കേടാണെന്ന് വ്യക്തമാക്കുന്ന ഹദീസിൻെറ ആശയം തന്നെയാണ് താഴെ വരുന്ന ആയത്ത് വ്യ ക്തമാക്കുന്നത്. അല്ലാഹു പറയുന്നു:

(فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِنْ كُنْتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا) (النساء:٥٩)

(ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നി പ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവി ലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹു വിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും).

അല്ലാഹുവിലേക്ക് മടക്കുകയെന്ന് പറഞ്ഞാൽ അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക് മടക്കുകയെ ന്നതാണ് ഉദ്ദേശിക്കുന്നത്, പ്രവാചകനിലേക്ക് മടക്കുകയെന്നത് കൊണ്ട് വിവക്ഷിക്കുന്നത് പ്രവാച കൻെറ വഫാത്തിന്ശേഷം പ്രവാചക ചര്യയിലേക്ക് മടക്കുകയെന്നാണ്. തർക്കങ്ങളും, പ്രശ്നങ്ങളും വരുമ്പോൾ മടക്കപ്പെടേണ്ട അവലംബം ഖുർആനും തിരുസുന്നത്തുമാണ്. പ്രവാചക ജൻമദിനാ ഘോഷത്തിന് ഖുർആനിലും, തിരുസുന്നത്തിലും എവിടെയാണ് തെളിവ്? ഇതും, ഇതുപോലുള്ള ബിദ്അത്തും ചെയ്യുന്നവരും, അത് നല്ലതാണെന്ന് പറയുന്നവരും എത്രയും പെട്ടെന്ന് അല്ലാഹുവിനോട് തൗബ ചെയ്യേണ്ടതാണ്. സത്യം ബോധ്യപ്പെട്ടാൽ ഓരോ വിശ്വാസിയും ചെയ്യേണ്ടത്

**അതാണ്. മറിച്ച്, തെളിവുകൾ ബോധ്യപ്പെട്ടിട്ടും അതിൽ തന്നെ ഉറച്ച് നിൽക്കുകയും, അഹങ്കാരിയാവുകയും ചെയ്താൽ അവൻെറ വിചാരണ അല്ലാഹുവി ലാണെന്നറിയുക.**

ഇത്രയും കാര്യങ്ങളാണ് ഇതു സംബന്ധമായി നമുക്ക് വിശദീകരിക്കാനുള്ളത്. **ഉന്നതനും പ്രതാപവാ നുമായ അല്ലാഹുവിനോട് ഖുർആനും തിരു സുന്നത്തും ജീവിതത്തിൽ പകർത്തുവാനുള്ള തൗഫീഖ് ചോദിക്കുന്നു. നമ്മുടെ നബിയിലും, കുടുംബത്തിലും, അനുചരൻമാരിലും അല്ലാഹു വിൻെറ രക്ഷയും സമാധാനവും സദാ വർഷിക്കു മാറാവട്ടെ,**

وصلى الله على نبينا محمد وآله وصحبه أجمعين

# താളുകളിൽ


| | | |
|---|---|---|
| 1 | ആമുഖം | 2 |
| 2 | **പ്രവാചകജൻമദിനാഘോഷത്തിൻെറ വിധി** | 8 |
| 3 | **ഒന്ന്: ഇത് പ്രവാചകൻേറയോ, ഖുലഫാഉർറാശിദീങ്ങളുടെയോ സുന്നത്തിൽ പെട്ടതല്ല.** | 8 |
| 4 | **രണ്ട്: പ്രവാചക ജൻമദിനാഘോഷം കൊണ്ടാടുന്നത് ക്രൈസ്ത വരോട് സാദൃശ്യപ്പെടലാണ്.** | 9 |
| 5 | **മൂന്ന്: പ്രവാചക ജൻമദിനാഘോഷം ബിദ്അത്തും, ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, -അവ രണ്ടും നിഷിദ്ധവുമാണ്-** | 10 |
| 6 | **നാല്: പ്രവാചക ജൻമദിനാഘോഷം എന്ന ബിദ്അത്ത് ചെയ്യു ന്നത്, വേറെ ബിദ്അത്തുകൾ ചെയ്യുവാനും, സ്ഥിരപ്പെട്ട സുന്ന ത്തുകൾ പാടെ വിസ്മരിക്കുവാനും കാരണമായിതീരുന്നു.** | 12 |
| 7 | **മൗലീദാഘോഷിക്കുന്നവരുടെ ദുർന്യായങ്ങളും, അതി നുള്ള മറുപടികളും.** | 15 |
| 8 | **ഒന്ന്: പ്രവാചകൻ(സ)യെ മഹത്വപ്പെടുത്തലാണ് മൗലീദാഘേഷം.** | 15 |
| 9 | **രണ്ട്: മൗലീദാഘോഷം അധിക രാജ്യങ്ങളിലെയും ഭൂരിപക്ഷമാളു കളും ചെയ്യുന്നുണ്ട്.** | 16 |
| 10 | **മൂന്ന്: ജൻമദിനാഘോഷം നബി(സ)യുടെ ഓർമ്മ പുതുക്കലാണ്.** | 18 |
| 11 | നാല്: അല്ലാഹുവിന്റെ സാമീപ്യമുദ്ദേശിച്ചു കൊണ്ട്, പ്രവാചക ജന്മദിനാഘോഷം തുടങ്ങിവെച്ചത് പണ്ഡിതനും നീതിമാനുമായ ഒരു രാജാവാണ്. | 20 |
| 12 | **അഞ്ച്: മൗലിദാഘോഷം നല്ല ബിദ്അത്താണ്,** | 20 |
| 13 | **ആറ്: പ്രവാചക ജൻമദിനാഘോഷം പ്രവാചകസ്നേഹത്തെയാണ്** വിളിച്ചോതുന്നത്. | 25 |
| 14 | ഏഴ്: പ്രവാചകന്റെ ജന്മദിനാഘോഷവേളകളിൽ അ വിടുത്തെ ചരിത്രം വായിക്കപ്പെടുകയാണ് ചെയ്യു ന്നത്. | 26 |
| 15 | സംക്ഷിപ്തം | 27 |


